DESPATCHED
23/06/2020
17/3/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.2264(2)/2015**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.15373/എസ്.ഐ.സി-ജി 6/15

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

ശ്രീ.കെ .രാജേന്ദ്രൻ നായർ
കൃഷ്ണവിലാസം
പരിപ്പ് പി.ഒ
കോട്ടയം-686 014
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസ്
സീനിയർ സൂപ്രണ്ട്
ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
2. അപ്പീൽ അധികാരി
അഡീ.ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ്സ്(മെഡിക്കൽ)
ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.04.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.05.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 23.07.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 03.08.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.09.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 26.09.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 26.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.11.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും എന്നാൽ ഒന്നാം അപ്പീൽ അധികാരി മറുപടി നൽകിയില്ലെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 20.04.2015–ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ ഡിസ്ട്രിക്ട് നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് ഓഫീസർ എന്നീ തസ്തികകളിൽ 01.04.2014 ൽ ഉള്ള ഒഴിവുകളുടെ എണ്ണം എത്രയെന്നും 2015 ഏപ്രിൽ, മെയ് മാസങ്ങളിലുണ്ടാവുന്ന പ്രതീക്ഷിക്കുന്ന ഒഴിവുകളെത്രയെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 06.05.2015 ൽ മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് ഹർജിക്കാരൻ 23.07.2015 ന് അപ്പീൽ നൽകുകയും 03.08.2015 ന് അപ്പീലിന് മറുപടി നൽകുകയും ചെയ്തു.

4. 26.11.2019 ന് അപ്പീൽ അധികാരി നൽകിയ റിപ്പോർട്ടിൽ നഴ്സിംഗ് ഓഫീസർ ജില്ലാ നേഴ്സിംഗ് ഓഫീസർ തുടങ്ങിയ തസ്തികകളിലേയ്ക്ക് 2010 മുതൽ നൽകിയിട്ടുള്ള താൽക്കാലിക പ്രൊമോഷൻ 2016 ൽ കൂടിയ ഡി.പി.സി യോഗം അംഗീകരിച്ചിട്ടുള്ളതും 2016 ൽ ടി തസ്തികകളിലേയ്ക്ക് റഗുലർ പ്രൊമോഷൻ നൽകിയിട്ടുള്ളതുമാകുന്നു എന്നും, ഹർജിക്കാരന് ടി വിവരങ്ങളെല്ലാം നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവയ്ക്ക് മറുപടി നൽകിയ തിയതികളിലെ ഭിന്നതയാണ് ഹർജിക്കാരന് സംശയമുണ്ടാവാനുള്ള കാരണമായതെന്നു കമ്മീഷൻ വീക്ഷിക്കുകയും, എന്നാലും വിവരങ്ങളെല്ലാം നൽകിയ

തായി കാണുന്നതിനാൽ കമ്മീഷനിൽ സമർപ്പിച്ച മറുപടിയുടെ പകർപ്പുകൾ ഹർജിക്കാരന് നൽകാൻ നിർദ്ദേശിച്ചുകൊണ്ട്  ടി പരാതിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res